**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1843 15.07.2016 -ന് മറുപടിയ്ക്ക്

**ഇ-ഗ്രാന്റ് സ്കോളർഷിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി രാജേഷ്** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ഗവൺമെന്റ് /എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് / അൺ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി , ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് വരുമാന പരിധിയില്ല. എന്നാൽ ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ച് കൊണ്ട് മുപ്പത് സമുദായങ്ങൾക്ക് കൂടി പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ച് മറ്റു വിഭാഗം വിദ്യാർത്ഥികൾക്ക് [മറ്റ് പിന്നോക്ക സമുദായങ്ങൾ (OBC), സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ (SEBC), കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് (KPCR) പ്രകാരം ആനുകൂല്യത്തിന് അർഹരായ സമുദായങ്ങൾ] കൂടി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ബിരുദധാരികളായ |

| | | | |
|---|---|---|---|
| | | | പട്ടികജാതി / ഒ.ഇ.സി / ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതും ബിരുദ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേധാവി ടി അപേക്ഷ പരിശോധിച്ച് അനുമതിക്കായി ജില്ലാ പട്ടികജാതി വികസന ആഫീസിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. |
| ബി) | ഒ.ഇ.സി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മറ്റ് പിന്നോക്ക വിഭാഗ ഹിന്ദു സമുദായത്തിലെ പല വിഭാഗങ്ങളെയും ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ പ്രസ്തുത സമുദായത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | സി) | പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**